ഉത്തരം

ഇതു സംബന്ധിച്ച വിവരം അനുബന്ധമായി വച്ചിട്ടുണ്ട്. †

കേളപ്പജിയുടെ വീട്

113 (1676) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള ഗാന്ധി കേളപ്പജി ജനിച്ചു വളർന്ന വീട് പുരാവസ്തു വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിക്കാനും ഒരു ചരിത്രസ്മാരകമായി നില നിർത്താനും സർക്കാർ നടപടിയെടുക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സാംസ്ക്കാരിക മേഖലയിലെ നേട്ടം

114 (1677) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക മേഖലയിൽ കഴിഞ്ഞ് നാലു വർഷമായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കേരളത്തിലെ സർക്കാർ നിയന്ത്രണ സാംസ്ക്കാരിക സ്ഥാപനങ്ങൾ നേടിയ ദേശീയവും അന്തർദേശീയവുമായ അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) ചലച്ചിത്രം, സംഗീതം, ചിത്രശില്പം സാഹിത്യകൃതികൾ ഇവയിലായി കേരളത്തിൽ നിന്നും ദേശീയവും, സാർവ്വദേശീയവുമായ അംഗീകാരം നേടിയ വ്യക്തികളും പ്രസ്ഥാനങ്ങളും ഏതൊക്കെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിന്റെ ചെലവ്

115 (1678) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം III

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[7-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 114 (1677) ദയവായി കാണുക]

ജനങ്ങളിൽ സാംസ്കാരിക അവബോധം സൃഷ്ടിക്കുന്നതിനും സർഗ്ഗാത്മകതയും വായനാശീലവും വളർത്തുന്നതിനും സാംസ്ക്കാരിക പൈതൃകം നിലനിർത്തുന്നതിനും വേണ്ടി ജനങ്ങളുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും അനേകം പരിപാടികൾ സംസ്ഥാനതലത്തിലും മേഖലാതലത്തിലും സംഘടിപ്പിച്ചിട്ടുണ്ട്. സെമിനാറുകൾ പുസ്തകപ്രകാശന ചടങ്ങുകൾ, പ്രാദേശിക ഫിലിം ഫെസ്റ്റിവലുകൾ, സാഹിത്യവേദികൾ, നാടൻ കലാസംഗമങ്ങൾ നാടൻ പാട്ട് ശില്പശാല, നാടൻ കലാ സർവ്വേ മാസിക പ്രസിദ്ധീകരണം, സാംസ്ക്കാരികോത്സവങ്ങൾ, ചരിത്രസ്മാരകങ്ങളെക്കുറിച്ച് ഹാന്റ് ബുക്ക് തയ്യാറാക്കൽ, പുരാരേഖാ പ്രദർശനങ്ങൾ, സാംസ്ക്കാരിക മൂല്യമുള്ളതും അപൂർവ്വങ്ങളുമായ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം സംസ്ക്കാര കേരളം അവാർഡ് നൽകൽ നാഷണൽ ആർക്കൈവ്സുമായി ചേർന്ന് എക്സിബിഷൻ ആർക്കൈവ്ഡ്സിനെ സംബന്ധിക്കുന്ന ലഘുലേഖ തയ്യാറാക്കൽ, കൈരളി ഗ്രാമം ഉൽഘാടനം ദക്ഷിണേന്ത്യൻ കവിസമ്മേളനങ്ങൾ, ദേശീയ സാഹിത്യ സംഗമം, സർഗ്ഗസംവാദങ്ങൾ കവിയരങ്ങുകൾ ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന്റെ ഭാഗമായി പുതിയ ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ, ടി.വി. തരംഗത്തിന്റെ ആസൂത്രണമായ വികസനത്തിനായി ഒരു ഡിജിറ്റൽ വിഡീയോ, സ്റ്റുഡിയോ പ്രവർത്തനം, മ്യൂസിയങ്ങൾ നവീകരിക്കുക, കൊച്ചി രാജാക്കന്മാരിൽ നിന്നും ഏറ്റെടുത്ത അമൂല്യനിധികളും കിരീടവും പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി, സാംസ്ക്കാരിക പൈതൃക സംരക്ഷണ നിയമനിർമ്മാണം സംബന്ധിച്ച് ബോധവൽക്കരണ സെമിനാറുകൾ, ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരണം, തുടങ്ങി നിരവധി പരിപാടികൾ നടത്തിയിട്ടുണ്ട്. മാനവീയം സാംസ്ക്കാരിക ദൗത്യവുമായി ചേർന്നു പഞ്ചായത്ത് വിജ്ഞാനീയം പദ്ധതി, സാംസ്ക്കാരിക പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതി, പ്രാദേശിക തലത്തിൽ ഫിലിം ഫെസ്റ്റിവലുകൾ നടത്തുന്നതിന് ചലച്ചിത്ര അക്കാദമി ആവിഷ്ക്കരിച്ച 'ജനചിത്ര' എന്ന പേരിലുള്ള പരിപാടി തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly